"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- തിരൂർ നഗരസഭയിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ. പ്രമോദ് കെ,(നിലവിൽ മുനിസിപ്പൽ സെക്രട്ടറി)ക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.733/2025/LSGD തീയതി,തിരുവനന്തപുരം, 19-03-2025

---

പരാമർശം:-

1. നഗരകാര്യഡയറക്ടറുടെ 27.07.2019 തീയതിയിലെ വി2/23645/18 നമ്പർ കത്ത്.
2. 11.07.2020 തീയതിയിലെ ഇയു2-296/2019-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3. ശ്രീ. പ്രമോദ് കെ സമർപ്പിച്ച 25.03.2021 തീയതിയിലെ പ്രതിവാദപത്രിക.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽഡയറക്ടറുടെ 05.03.2025 തീയതിയിലെ LSGD/813/2023-VIGD3 നമ്പർ കത്ത്.

**ഉത്തരവ്**

തിരൂർ നഗരസഭയിൽ എൽ.ഡി.സി/ബി.സി-തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. യു.വി.മധുവിനെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിലേക്കായി 20.11.2007ൽ നഗരകാര്യഡയറക്ടർക്ക് കത്ത് നൽകിയതിനുശേഷം 26.10.2013വരെ തിരൂർ നഗരസഭയിലെ ജി1 സെക്ഷനിൽ നിന്നും ഈ വിഷയത്തിൽ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതാണ് എന്നും ആയത് പ്രസ്തുത കാലയളവിൽ ജി1 സെക്ഷനിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. പ്രമോദ് കെ (നിലവിൽ സെക്രട്ടറി) യുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായതിനാൽ ടിയാനെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതിന് നഗരകാര്യഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ ചെയ്ത് നൽകിയിരുന്നു. അതിൻപ്രകാരം ശ്രീ. പ്രമോദ് കെ-യ്ക്കെതിരേ അച്ചടക്കനടപടി ആരംഭിക്കുകയും പരാമർശം 2 പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു.

2. ശ്രീ.പ്രമോദ് കെ-യ്ക്ക് നൽകിയ കുറ്റാരോപണമെമ്മോ/പത്രികയ്ക്ക് ടിയാൾ പരാമർശം 3 പ്രകാരം സമർപ്പിച്ച എതിർവാദപത്രിക പ്രകാരം, തിരൂർ നഗരസഭയിൽ സീനിയർ ക്ലർക്ക് ആയി ജോലിയിൽ പ്രവേശിച്ചത് 29/09/2005 പൂർവ്വാഹ്നം മുതലാണെന്നും ടി നഗരസഭയിലെ ജി1 സെക്ഷൻ്റെ ചുമതല വഹിച്ചിട്ടുള്ളത് 16/06/2006 മുതൽ 05/01/2011 വരെയാണെന്നും കുറ്റാരോപണ പത്രികയിൽ ആരോപിക്കുന്നതു പോലെ 20/11/2007 മുതൽ അല്ലെന്നും ടി സെക്ഷൻ്റെ ചുമതല വഹിക്കവേയാണ്, കോഴിക്കോട് നഗരസഭയിലെ സേവനത്തിലിരിക്കെ സാമ്പത്തിക തിരിമറി നടത്തിയതിനെ തുടർന്ന് വളരെക്കാലം സസ്പെൻഷനിൽ കഴിഞ്ഞിരുന്ന എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ ശ്രീ.യു.വി. മധുവിനെ അച്ചടക്കനടപടി തുടരുമെന്ന

വ്യവസ്ഥയിൽ സസ്പെൻഷൻ പിൻവലിച്ച് തിരൂർ നഗരസഭയിലേക്ക് നിയമിച്ച് അന്നത്തെ നഗരകാര്യഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ തിരൂർ നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതെന്നും ടിയാൻ 16/12/2006 മുതലാണ് തിരൂർ നഗരസഭയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതെന്നും 23/03/2007 മുതൽ ശ്രീ.യു.വി.മധു അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിനെ തുടർന്ന് അന്നത്തെ സെക്ഷൻ ക്ലർക്കായിരുന്ന ശ്രീ. പ്രമോദ്.കെ. യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആണ് അന്നത്തെ നഗരസഭാ സെക്രട്ടറി ശ്രീ. യു.വി. മധു -വിന് മെമ്മോ നൽകിയിട്ടുള്ളത്. ടി മെമ്മോയുടെ അടിസ്ഥാനത്തിൽ ശ്രീ. യു.വി. മധു അവധി അപേക്ഷയും, മെഡിക്കൽ സാക്ഷ്യപത്രവും ഹാജരാക്കുകയും 06/07/2007 വരെ അവധി അപേക്ഷ സമർപ്പിച്ചിരുന്നതാണെന്നും തുടർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിൻ്റെ കാലാവധി കഴിഞ്ഞതിനു ശേഷവും ശ്രീ. യു.വി. മധു ഹാജരാകാത്ത സാഹചര്യത്തിൽ ജി1 സെക്ഷൻ ക്ലർക്ക് എന്ന നിലയിൽ ടി വിവരം വീണ്ടും റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് അന്നത്തെ നഗരസഭാ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരമാണ് ശ്രീ. യു.വി. മധുവിന് അറിയിപ്പും, കാരണം കാണിക്കൽ അറിയിപ്പുകളും നൽകിയിട്ടുള്ളതെന്നും ശ്രീ. യു.വി. മധു തുടർന്നും ജോലിക്ക് ഹാജരാകുകയോ, അറിയിപ്പുകൾക്ക് മറുപടി തരികയോ ചെയ്യാത്ത സാഹചര്യത്തിൽ ആണ് ടി വിവരം വീണ്ടും നഗരസഭാസെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും, നഗരസഭാ സെക്രട്ടറിയുടെ നിർദ്ദേശാനുസരണം നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ടു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിച്ചു കാണാത്തതിനെ തുടർന്ന് ഓരോ മാസത്തേയും ഒഴിവു വിവരം തയ്യാറാക്കുമ്പോൾ ഈ വിവരം കൂടി നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും, ആയത് നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടർക്ക് അതതു മാസത്തെ ഒഴിവു വിവര റിപ്പോർട്ടിൽ തന്നെ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണെന്നും ശ്രീ. പ്രമോദ് കെ വിശദീകരണം സമർപ്പിച്ചിരുന്നു.

3. ശ്രീ. പ്രമോദ് കെ യുടെ മറുപടിയിൽ മലപ്പുറം ജില്ലാ ജോയിൻ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പരാമർശം 4 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച അഭിപ്രായ റിപ്പോർട്ട് പ്രകാരം, തിരൂർ നഗരസഭയിലെ ടി വിഷയം സംബന്ധിച്ച ജി-6975/05 നമ്പർ ഫയൽ പരിശോധിച്ചതിൽ 24/03/07 മുതൽ 25/04/2007 വരെ മെഡിക്കൽ ഗ്രൗണ്ടിൽ അവധിയ്ക്കായി ശ്രീ. യു.വി. മധു എന്നവർ തിയ്യതി രേഖപ്പെടുത്താതെ അപേക്ഷിച്ചിട്ടുളളതായി കാണുന്നു. ടി അപേക്ഷ അപൂർണ്ണമായതിനാൽ അപാകതകൾ പരിഹരിക്കുന്നതിന് 22/05/2007 ൽ ടിയാന് നഗരസഭയിൽ നിന്നും മെമ്മോ നൽകിയിട്ടുള്ളതാണ്. തുടർന്ന് 30/06/2007 ൽ (02/07/2007 നഗരസഭയിൽ ലഭിച്ചത്) 23/03/2007 മുതൽ മെഡിക്കൽ ഗ്രൗണ്ടിൽ അവധി അനുവദിക്കുന്നതിനായി മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചിട്ടുള്ളതും കൂടാതെ അന്നേ ദിവസം തന്നെ 23/06/2007 മുതൽ 06/07/07 വരെ ശൂന്യവേതനാവധിയ്ക്കും ടിയാൻ അപേക്ഷിച്ചതായും ഫയൽ പ്രകാരം കാണുന്നു. തുടർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിൻ്റെ അടിസ്ഥാനത്തിൽ അപേക്ഷിച്ച അവധിയുടെ കാലാവധി 06/07/2009 അവസാനിച്ചിട്ടുള്ളതാണെന്നും അവധി അപേക്ഷ അപൂർണ്ണമാണെന്നും, ടിയാൻ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടില്ലാത്തതിനാലും അവധി അപേക്ഷ കൃത്യമായി പൂരിപ്പിച്ച് നൽകുന്നതിനും അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിന് ടിയാൻ്റെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കുന്നതുമാണെന്ന് കാണിച്ച് 30/07/2007 ൽ നഗരസഭാ സെക്രട്ടറി രജിസ്റ്റേർഡ് തപാലിൽ മെമ്മോ അയച്ചു നൽകിയതായും കാണുന്നു. തുടർന്ന് അനധികൃതമായി ഹാജരാകാതിരുന്ന ശ്രീ. യു.വി.

മധുവിൻ്റെ ഒഴിവടക്കം ലീവിൽ പ്രവേശിച്ച യു.ഡി.സിമാരായ ശ്രീ. പി.എ. പ്രദീപ് കുമാർ, ശ്രീ. ഹംസ, എൽ.ഡി.സി.മാരായ ശ്രീ. നിസാർ എന്നിവരുടേതടക്കമുള്ള ഉദ്യോഗസ്ഥരുടെ ഒഴിവ് 05/09/2007 ന് നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തതായി ഫയലിൽ കാണുന്നുണ്ട്. ശ്രീ.യു.വി.മധുവിന് നഗരസഭ സെക്രട്ടറി നൽകിയ മെമ്മോക്ക് ടിയാൻ മറുപടി നൽകുകയോ ജോലിയ്ക്ക് ഹാജരാകുകയോ ചെയ്തിട്ടില്ലാത്തതിനാൽ 17/09/07 ൽ ടിയാന് നഗരസഭ സെക്രട്ടറി കാരണം കാണിക്കൽ നോട്ടീസ് രജിസ്റ്റേർഡ് തപാലിൽ അയച്ച് നൽകിയിട്ടുള്ളതുമാണ്. തുടർന്ന് ടി വിവരങ്ങൾ സഹിതം ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായുള്ള കത്ത് 29/11/2007 ന് തിരൂർ നഗരസഭ സെക്രട്ടറി ഒപ്പ് വെച്ചതായും നഗരകാര്യ ഡയറക്ടർക്ക് അയച്ചിട്ടുള്ളതായും ഫയൽ പ്രകാരം കാണുന്നു. എന്നാൽ ഇക്കാലയളവിലെ ഡെസ്പാച്ച് രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ ആയത് സംബന്ധിച്ച് രേഖകൾ തിരൂർ നഗരസഭാ ഓഫീസിൽ നിന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതാണ്.

4. തിരൂർ നഗരസഭയിലെ ജി1-6975/07, ജി1-8974/08 നമ്പർ ഫയലുകൾ പരിശോധിച്ചത് പ്രകാരം ടി കാലയളവിലെ ക്ലർക്ക് ശ്രീ. യു.വി. മധു എന്നവരുടെ അനധികൃത ഹാജരില്ലായ്മയിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണാവുന്നതാണ്. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, തിരൂർ നഗരസഭയിലെ സെക്ഷൻ ക്ലർക്ക് എന്ന നിലയിൽ ശ്രീ.പ്രമോദ്.കെ, ടിയാനിൽ നിക്ഷിപ്തമായിരുന്ന ചുമതലകളെല്ലാം തന്നെ തൃപ്തികരമായി നിർവ്വഹിച്ചിട്ടുള്ളതാണ് എന്നും ശ്രീ. യു.വി. മധുവിന്റെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ നഗരസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നുവെന്നും കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി സമർപ്പിച്ചിട്ടുള്ള സീനിയർ ക്ലർക്കായ ശ്രീ.പ്രമോദ്.കെ എന്നവരുടെ വാദം അനുഭവപൂർവ്വം പരിഗണിക്കാവുന്നതുമാണ് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം ശ്രീ.പ്രമോദ്.കെ കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് നൽകിയ വിശദീകരണം പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായറിപ്പോർട്ട് എന്നിവപ്രകാരം ഇക്കാര്യം പരിശോധിച്ചതിൽ ശ്രീ. യു.വി. മധു എന്നവരുടെ അനധികൃത ഹാജരില്ലായ്മയിൽ തിരൂർ നഗരസഭയിലെ ജി1 ക്ലാർക്കായിരുന്ന ശ്രീ.പ്രമോദ് കെ കൃത്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും, പ്രസ്തുത വിഷയത്തിൽ ടിയാന്റെ ഭാഗത്ത് നിന്നും മനപൂർവ്വമായ വീഴ്ചകളൊന്നും തന്നെ സംഭവിച്ചിട്ടില്ലാത്തതായും കാണുന്നു.

6. മേൽ സാഹചര്യത്തിൽ തിരൂർ നഗരസഭയിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീ.പ്രമോദ് കെ-യുടെ മറുപടി അനുഭാവപൂർവ്വം പരിഗണിച്ച് ടിയാനെതിരായി ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടി ഒഴിവാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.പ്രമോദ് കെ, മുൻ സീനിയർ ക്ലർക്ക്, തിരൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 20-03-2025 10:26:06

സെക്ഷൻ ഓഫീസർ